കഥ.

## ചില ചില്ലറവേലകൾ.

ജോൺ ഇളമത.

നാട്ടിൽ നിന്നൊരു പുതിയ ഇമിഗ്രൻറ് കാനഡായിലെ കാൾഗറിയിലെത്തി. എത്തി.അജാനബാഹു,വലിയ നീളമുള്ള കൈാലുകൾ,ഏതാണ്ടൊരു വാനരൻെറ മുഖഛായ! .ഇഷ്ടന് ഹിസ്റ്ററിയിലോ മറ്റോ പോസ്റ്റ് ഗ്രാഡുവേറ്റ് ഡ്രിഗ്രിയുണ്ട്.ജോലിക്ക് പലയിടത്തും അപ്ലൈചെയ്തു.നിരാശ്ശ ഫലം!കാനേഡിൻ എക്സിപീരിയൻസുണ്ടോ.ജോലിതരാതെ എന്തുകോപ്പു ചോദ്യം? ,അല്ലേലും നാട്ടിലെ ഡിഗ്രിക്ക് ഇവിടെ എന്താവില!അത് ഹരിച്ചുഗുണിച്ച് ഇവാലുവേറ്റ് ചെയ്യുമ്പം ,പ്ലെസടുവിൻെറ വിലപോലുമില്ല.

അങ്ങനെ ഇരിക്ക സൂവിലൊരു ഒഴിവ് കണ്ണിൽപെട്ടു.ചിലപ്പം കിട്ടേയാക്കമോ എന്നൊരാശങ്ക!അധികം പേരൊന്നും ബുദ്ധിയില്ലാത്ത മൃഗങ്ങളുടെ പൊറകേപോകാൻ വഴിയില്ലല്ലോ!ഒരു ആപ്ലിക്കേഷൻ തട്ടി.താമസംവിനാ മറുപടി വന്നു.ഇൻറർവ്യൂ,ഉടൻ എത്തുക!

സൂട്ടുംകോട്ടുമൊക്കെ ഇട്ട് ഇൻറർവ്യൂനെത്തി,സെക്സിയായ മാൻപേടപോലൊരു മദാമ്മേടെ മുമ്പിൽ.

മദാമ്മ,നീലക്കണ്ണുകളിൽ പ്രകാശം പരത്തി ഇൻറർവ്യൂ ആരംഭിച്ചു.

ഇവിടെ ഒരു ഒഴിവുണ്ട്,താങ്കൾ ആ ഒഴുവിലേക്ക് അനുയോജ്യമായിരിക്കും,താല്പ്പര്യമുള്ള പക്ഷം!

ഉദ്യേഗാർത്ഥിയായ ഇഷ്ടൻെറ മനസ്സിലൂടെ പലപല സന്ദേഹങ്ങൾ കടന്നുപോയി. എന്തുതരം ജോലിയാകാം!വല്ല സിംഹത്തിന് എറച്ചിഇട്ടുകൊടുക്കാനോ,കാണ്ടാമൃഗത്തിൻെറ ചാണകംവരാനോ,ആനക്കുട്ടിക്ക് പാലുകൊടുക്കാനോ,പെരുമ്പാമ്പിന് കോഴിയെ കൊടുക്കാനോ മറ്റോ ആണോ ഈ മാൻകണ്ണി ഉദ്ദേശിക്കുന്നത്.എന്തൊരു ഡിസ്ക്രിമിനേഷൻ!ഇപ്പഴുമിവളുമാരുടെ ഒക്കെ വിചാരം ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടീട്ടില്ലെന്നാ!വല്ല ക്ലാർക്ക് പോസ്റ്റോ,ഒന്നുമല്ലേ പ്രധാന ഗേറ്റിൻെറ മുമ്പിൽ സ്റ്റൈയിലിലൊരു സെക്യൂരിറ്റി എന്ന നിലയിൽ സൂട്ടുമിട്ട് അന്തസ്സായി നിക്കാനും തയ്യാറാ!ഇതിപ്പം ഈ മാൻകണ്ണി എന്തോന്നാ ഉദ്ദേശിക്കുന്നെ!

മാൻകണ്ണി,തങ്ങൾക്കിടയിലെ നീണ്ടനിശ്ബ്ദത ഭേദിച്ചു.

എന്താ,മിസ്റ്റർ......ദീർഘമായ ആലോചന!

ഇഷ്ടൻ മറുപടി പറഞ്ഞു:- അല്ല,ജോലിയെപ്പറ്റി ഒന്നും പറഞ്ഞില്ലല്ലോ,വല്ല ക്ലെറിക്കൽ പോസ്റ്റോ,അല്ലങ്കിൽ ടിക്കറ്റ് വിൽക്കുന്ന ജോലിയോ,ഒന്നുമല്ലേൽ വല്ല സെക്യൂരിറ്റീം ഒക്കെ ആയിരിക്കമല്ലോ!

മാൻകണ്ണിമദാമ്മ,ഒരു കെടാക്ഷമെറിഞ്ഞു വശ്യമായി പുഞ്ചിരിച്ചു മൊഴിഞ്ഞു:-

അതിന് താങ്കൾക്ക് കനേഡിയൻ എക്സ്പീരിയൻസില്ലല്ലോ!

ടിക്കറ്റ് കൊടുക്കാനും,സെക്യൂരിറ്റിക്കുമാക്കെ എന്തോന്ന് കനേഡിയൻ എക്സ്പീരിയൻസ്!

ഇഷ്ടൻ വീണ്ടും മൗനം പാലിച്ചപ്പോൾ മാൻകണ്ണി മദാമ്മ തുടർന്നു:-

താങ്കൾക്ക് പറ്റുന്ന ജോലിയാ,മുൻപരിചയംപോലും വേണ്ട,അല്പ്പം അഭിനയം മതി. നല്ല ശബളം തരാം,മറ്റു ചിലവുകളും ഫ്രീ!

അതെന്തോന്നു ജോലിയാ?

ഇവിടത്തെ സുവിലെ ഗറില്ല ചത്തുപോയി.ഇനി ഒരണ്ണത്തിനെ കിട്ടാനും വിഷമം.കിട്ടിയാതന്നെ ഈ വിവരമില്ലാത്ത ജാതിയെ ഒക്കെ ട്രയിൻ ചെയ്യാനാ പാട്.അതിന് ഒത്തിരിനാള് വേണ്ടിവരും ,അതിൻെറ കാടൻ സൊഭാവം ഒന്ന് മാറ്റിയെടുക്കാൻ!താങ്കൾക്ക് ആ ജോലി ഏറ്റെടു ക്കാൻ താല്പ്പര്യമുള്ളപക്ഷം,ഉടൻജോലിയിൽ പ്രവേശിക്കാം.

സമയം എട്ടുമണിക്കൂർ,രാവിലെ എട്ടുമണിമുതൽ വൈകിട്ട് നാലുമണിവരെ.താമസവും,ഭക്ഷണവും ഫ്രീ!മാസം ആയിരത്തഞ്ഞൂറ് ഡോളറ് ശബളം.താങ്കൾക്കാണേൽ ഒരല്പ്പം മേക്കപ്പുചെയ്താ സംഗതി ഫിറ്റാകും,പിന്നെ കാഴ്ച്ചക്കാരുവരുബോൾ ഒരഭിനയം.കുരങ്ങിൻെറ ചേഷ്ടകൾ പഠിപ്പിക്കുന്ന ഒരാഫ്രിക്കകാരൻ മാസ്ട്രർ താങ്കൾക്ക് വേണ്ട ട്രെയിനിങ് നൽക്കും.

പച്ചമലയാളത്തിൽ ഇഷ്ടൻ ചോദിച്ചുപോയി:-

അയ്യോ!ഗറില്ലയായിട്ടോ?

മദാമ്മ പ്രതിവചിച്ചു:- ഇഷ്ടമാണന്നാണോ പറഞ്ഞത്,കണ്ടോ നിങ്ങടെ ഭാഷപോലും മതി ഈ ജോലിക്ക്!ഇംഗ്ലീഷുപോലും വേണമെന്നില്ല.

പരിസരം മറന്നുപോയ ഇഷ്ടനൊന്നിരുത്തി ചിന്തിച്ചു.മാസം സർവ്വ ചെലവും കഴിഞ്ഞ് ആയിരത്തഞ്ഞൂറ് ഡോളറ് ശമ്പളം,ഇംഗ്ലീഷ് ഭാഷേം വേണ്ട,ഐഎൽടീസീം വേണ്ട,പ്രീവിയസ് എക്സ്പീരിയൻസും വേണ്ട,ദിവസം എട്ടുമണിക്കൂറ് ഒരു ചെറിയ ജയിലുപോലെ അഴിക്കുള്ളി കെടന്നല്പ്പം ഗോഷ്ടി കാണിക്കണം.

മറ്റെന്തു ജോലി കിട്ടിയാലുമിതുതന്നെ ഗതി!ഇൻഡയറക്ടായി മറ്റൊരുതരം ജയില ്,മറ്റൊരുതരം ഗോഷ്ടി, ഉള്ളിൽ ഡിസ്ക്രമിനേഷൻ,അതു മറക്കാനഭിനയം,ജയിലിപിടിച്ചിട്ട പോലെയുള്ള ജോലിക്രമം.കേരളത്തിലെ ഗവർമ്മേൻറ് സർവ്വീസുപോലെ റിലാക്സായ ജോലിയൊന്നും ഇവിടെ കിട്ട ില്ല.സായിപ്പ്ചാറുവാങ്ങാതെ ശമ്പളമൊന്നുംതരില്ല.തമ്മിഭേദം,തൊമ്മൻ എന്നു കണക്കുകൂട്ടിയാ മതി.

പിന്നെ ഇഷ്ടനൊന്നും ചിന്തിച്ചില്ല,ഇംഗ്ലീഷിതന്നെ തട്ടി:-എഗ്രീഡ്,മാഡം!

പിറ്റേന്ന് ജോലി ആരംഭിച്ചു.ആദ്യമൊക്കെ ഒരു നാണമായിരുന്നു.പിന്നതങ്ങുമാറി. നിത്യതൊഴിലായി,നിത്യതൊഴിലഭാസമെന്നായപ്പോൾ,നാട്ടിലേപ്പോലല്ല,എന്തുജോലിക്കും മാന്യത ഒണ്ടെന്ന തിരിച്ചറിവുണ്ടായി.എന്നാൽ ആ തിരിച്ചറിവിലിനിടയിലും ഇടക്കിടെ ജാള്യത അനുഭവപ്പെട്ടു. അതും നാട്ടുകാരീന്നുമറ്റും.ഒരിക്കലൊരു കേരളാ കപ്പിള് ഗറില്ലേ  കാണനെത്തി. മൊട്ടേന്ന്വിരിഞ്ഞൊരു ഒരു ചെക്കനേം കൂട്ടി.

ചെക്കൻ പറഞ്ഞു:-

പപ്പാ,നോക്ക് എന്തൊരു രസം!, വല്ല്യൊര് കൊരങ്ങച്ചൻെറ കളി!

നിൻെറ മറ്റവനാ കൊരങ്ങച്ചൻ!, എന്ന് പറേണമെന്ന് തോന്നി.ഒന്നോർത്തടങ്ങി,നിൻെറ തന്തേം ഈപണിതന്നെ,ഇവിടെ മറ്റൊരു വേഷത്തിൽ!

അങ്ങനെ ഇരിക്കെ ഒരുദിവസം ആളില്ലാത്ത ഒരു സായംസമയത്ത് തൊട്ടടുത്ത കടുവാകൂടിൻെറ ഇടക്കുള്ള ഇളകികിടന്ന കമ്പിവല തള്ളിനീക്കി കടുവാ ചാടിവന്നു.

അയ്യോ!ദൈവമേ!ഇഷ്ടൻ അലറി.

ആ ബംഗാളി കടുവാ മുരണ്ടണ്ടില്ല,പകരം പച്ചമലയാളത്തിൽ പറഞ്ഞു:-അനിയാ, ഞാനുമൊരു മലയാളിയാ,ബംഗാളിക്കടുവായെ ഇപ്പോ കിട്ടാനില്ല.അതുകൊണ്ട് ഞാനും നിന്നെപോലെ വേഷം കെട്ടിയതാ,താൻ വന്നപ്പഴേ എനിക്കു പിടികിട്ടിയതാ!

ഹാ,ഹാ,ഇഷ്ടൻ പൊട്ടിച്ചിരിച്ചു,ജോലിയുടെ ഒരു മാന്യത,കേരളം വിട്ടാ മലയാളി എന്തുവേഷോം കെട്ടും!